"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. സി. ടി. ബെറ്റി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c) 21289/2024-നമ്പർ കേസിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2164/2024/LSGD തീയതി,തിരുവനന്തപുരം, 12-11-2024

പരാമർശം:-
1. ശ്രീ. സി. ടി. ബെറ്റി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 21289/2024-നമ്പർ കേസിലെ 14/06/2024-ലെ വിധിന്യായം.
2. ശ്രീ. സി. ടി. ബെറ്റിയുടെ 17/08/2023 -ലെ അപേക്ഷ.
3. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/10/2024ലെ SEUF/HQ/ED/2024/024, 22/10/2024ലെ SEUF/HQ/ED/2024/026 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീ. സി ടി ബെറ്റി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 21289/2024-നമ്പർ കേസിന്റെ പരാമർശം (1)-ലെ വിധിന്യായത്തിൽ, വിധിന്യായത്തിന്റെ പകർപ്പ് കൈപ്പറ്റി മൂന്ന് മാസത്തിനകം ഒന്നാം എതൃകക്ഷി (ചീഫ് സെക്രട്ടറി) പരാതിക്കാരനെ നേരിൽക്കേട്ട് , ടിയാൻ പരാമർശം (2) പ്രകാരം സർക്കാരിലേക്കയച്ച അപേക്ഷയിന്മേൽ (Ext. P8) തീർപ്പ് കൽപ്പിക്കാൻ ഉത്തരവായിരുന്നു . വിധിപ്പകർപ്പ സർക്കാരിൽ ലഭ്യമായത് 10/09/2024-ൽ ആണ് ആയതനുസരിച്ച സമയപരിധി 09/12/2024-ൽ അവസാനിക്കുന്നതാണ്.

ശ്രീ. സി ടി ബെറ്റി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ (Ext. P8), ടിയാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ വിവിധ തസ്തികകളിൽ 2020 ഫെബ്രുവരി മുതൽ ജോലി ചെയ്തുവരുന്നതായും, 2023 മെയ് മാസം മുതൽ മുന്നറിയിപ്പ കൂടാതെയും, അകാരണമായും ടിയാനെ ജോലിയിൽ നിന്നും ഒഴിവാക്കിയതായും, ജോലി ചെയ്തിരുന്ന കാലയളവിൽ മുഴുവൻ ശമ്പളവും നല്കാത്തതിനാൽ ശമ്പളക്കുടിശ്ശികയായി 2,35,523/- രൂപ ലഭിക്കാനുണ്ടെന്നും, അതിനാൽ ശമ്പളക്കുടിശ്ശികയും പി.എഫ് ആനുകൂല്യങ്ങളും, ഏജൻസിയുടെ പക്കൽ നിന്നും അനുവദിച്ച് തരണമെന്നും, ജോലി പുനഃസ്ഥാപിച്ച നൽകണമെന്നും അപേക്ഷിച്ചു .

പരാമർശം (1)-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയ്ക്ക് വേണ്ടി, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി പരാതിക്കാരനെ 07/10/2024, 11.30AM -ന് നേരിൽ കേട്ടു.

നേരിൽ കേട്ട സമയത്ത്, ശ്രീ. സി ടി ബെറ്റി 04/02/2020 മുതൽ 30/04/2023 വരെ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ കരാറടിസ്ഥാനത്തിലും അല്ലാതെയും ജോലി ചെയ്തിരുന്നതായി അറിയിച്ചു. 2020 ഫെബ്രുവരി മുതൽ 2020 ജൂലൈ വരെയും, 2020 ഒക്ടോബർ

മുതൽ 2021 മാർച്ച് വരെയും, 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെയും കരാറടിസ്ഥാനത്തിലും; 2020 ആഗസ്റ്റ്, സെപ്റ്റംബർ, 2021 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെ, 2022 ഏപ്രിൽ മുതൽ 2023 ഏപ്രിൽ എന്നീ കാലയളവുകളിൽ കരാറടിസ്ഥാനത്തിലല്ലാതെയുമാണ് ജോലി ചെയ്തതെന്ന് വാക്കാൽ അറിയിച്ചു.

ടിയാൻ ജോലി ചെയ്തിരുന്ന കാലയളവിലെ 20 മാസത്തെ ശമ്പളം മുഴുവനായി ഏജൻസി നൽകിയിട്ടില്ലെന്നും, ജോലിയിൽ നിന്ന് അകാരണമായി മുൻകൂർ നോട്ടീസ് നൽകാതെയും, അന്വേഷണം നടത്താതെയും പിരിച്ചുവിട്ടതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽത്തന്നെ ടിയാന് ലഭിക്കാനുള്ള ശമ്പളക്കുടിശ്ശികയായ 2,35,523/- രൂപയും, പി.എഫ് ആനുകൂല്യങ്ങളും, നഷ്ടപരിഹാരവും ഏജൻസിയുടെ പക്കൽ നിന്നും ലഭിക്കണമെന്നും, ജോലി പുനഃസ്ഥാപിച്ചുകിട്ടണമെന്നും ടിയാൻ ആവശ്യപ്പെട്ടു.

മേൽ വിഷയത്തിൽ, അക്രഡിറ്റഡ് ഏജൻസിയും ശ്രീ. സി ടി ബെറ്റിയുടെ തൊഴിലുടമയുമായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും നിർവഹിക്കാനുള്ള പദ്ധതികൾക്ക് ആവശ്യാനുസരണമാണ് ജീവനക്കാരെ നിയമിക്കാറുള്ളതെന്നും, ശ്രീ. സി ടി ബെറ്റിയെ ഫിക്സഡ് ടേം കോൺട്രാക്ട് വ്യവസ്ഥയിലാണ് നിയമിച്ചിരുന്നതെന്നും, ആദ്യം കൺസൾട്ടന്റ്/ജെപിഒ തസ്തികയിൽ 04/02/2020 മുതൽ 03/08/2020 വരെയും, തുടർന്ന് കോൺട്രാക്ട് അവസാനിച്ചതു മുതൽ 30/09/2020-വരെയും കോൺട്രാക്ട് നീട്ടി നൽകുകയും ചെയ്തതായും ശേഷം 01/10/2020 മുതൽ 31/03/2021 വരെയുള്ള കോൺ ട്രാക്ട് പുതുക്കി നൽകുകയും ചെയ്തതായും ഈ കാലയളവിൽ ടിയാന്റെ ഹോണറേറിയം 18000/- രൂപയായിരുന്നെന്നും ഏജൻസി അറിയിച്ചിട്ടുണ്ട്.

പിന്നീട് 01/04/2021 മുതൽ 30/06/2021 വരെയും മുൻ കോൺട്രാക്ട് നീട്ടി നൽകിയതായും, 01/07/2021 മുതൽ 30/09/2021 വരെ കൺസൾട്ടന്റ് എന്ന തസ്തികയിൽ 19000/- രൂപ ഹോണറേറിയം വ്യവസ്ഥയിൽ അടുത്ത കോൺട്രാക്ടും നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് വയനാട് ജില്ലയിലെ ജൽ ജീവൻ പദ്ധതികളുടെയും ഹരിത കേരളം പദ്ധതികളുടെയും നടത്തിപ്പിനായി 01/10/2021 മുതൽ 31/03/2022 വരെ പ്രോഗ്രാം ഓഫീസർ ഗ്രേഡ് -2 എന്ന തസ്തികയിൽ കണ്ണൂർ റീജിയണൽ ഓഫീസിന്റെ കീഴിൽ വയനാട് ജില്ലാ കോർഡിനേറ്ററായി പുതുക്കിയ കോൺട്രാക്ടും നൽകി. വയനാട് ജില്ലാ ഓഫീസ് കോഴിക്കോട് റീജിയണിന്റെ ചുമതലയിലേക്ക് മാറ്റിയപ്പോഴും വയനാട് ജില്ലയുടെ കോർഡിനേറ്ററായി 01/04/2022 മുതൽ 31/03/2023 വരെ ശ്രീ. സി. ടി ബെറ്റിക്ക് കോൺട്രാക്ട് നൽകിയിരുന്നതായി SEUF റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ ശ്രീ. സി ടി ബെറ്റിയുടെ വാദഗതികളായ കരാറടിസ്ഥാനത്തിലും അല്ലാതെയുമാണ് ജോലി ചെയ്തതെന്നുള്ള വാദം അടിസ്ഥാനരഹിതമാണെന്ന് കാണുന്നു.

ശ്രീ. സി ടി ബെറ്റി Ext. P8- അപേക്ഷയിൽ ശമ്പളക്കുടിശ്ശിക സംബന്ധിച്ച കാലയളവും ലഭിക്കാനുള്ള തുകയും ഇനം തിരിച്ച് കാണിച്ചിട്ടില്ല. മൊത്തം കിട്ടാൻ ബാക്കിയുള്ള തുകയാണ് പറഞ്ഞിരിക്കുന്നത്. ഹിയറിംഗ് സമയത്ത് ടിയാൻ ബോധിപ്പിച്ചതനുസരിച്ച് 2020 മാർച്ച്, 2021 മെയ്, 2022 ഏപ്രിൽ മുതൽ ജൂലൈ വരെ, 2022 ഒക്ടോബർ, 2023 ഫെബ്രുവരി, 2023 ഏപ്രിൽ മാസങ്ങളിലെ മുഴുവൻ തുകയും കുടിശ്ശികയാണെന്നും, 2020 ഒക്ടോബർ മുതൽ 2021 സെപ്റ്റംബർ വരെ ഭാഗികമായും ശമ്പളക്കുടിശ്ശിക ലഭിക്കാനുണ്ടെന്നും അറിയിച്ചിരുന്നു.

SEUF സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും 2022 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെയും, 2023 ജനുവരി മുതൽ 2023 മാർച്ച് വരെയും ശമ്പളം നല്കിയ കൈപ്പറ്റ് രസീതികൾ തൊഴിലുടമ ഹാജരാക്കിയതായിക്കാണുന്നില്ല. ടിയാൻ മുൻകൂർ കൈപ്പറ്റിയ തുകകൾ ക്രമീകരിക്കാത്തതിനാൽ 2022 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ശമ്പളത്തിൽ നിന്നും കുറവ് വരുത്തിയതായി തൊഴിലുടമ പ്രസ്താവിച്ചിട്ടുണ്ട്. 2023 ജനുവരി മുതൽ 2023 മാർച്ച് വരെയുള്ള ശമ്പളം കുടിശ്ശികയാണെന്ന് തൊഴിലുടമ സമ്മതിച്ചിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ ടിയാന്റെ താല്പര്യപ്രകാരം ടിയാനെ ഇ.പി.എഫ് സ്കീമിൽ ഉൾപ്പെടുത്തിയതിന്റെ രേഖ തൊഴിലുടമ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. സി. ടി ബെറ്റിയെ മുൻകൂർ അറിയിപ്പ് നല്കാതെയും അന്വേഷണം നടത്താതെയും പിരിച്ചുവിട്ടുവെന്ന ആരോപണത്തിന്മേൽ SEUF പരാതിക്കാരന് നല്കിയ നോട്ടീസുകളുടെ കോപ്പികൾ ഹാജരാക്കിയിട്ടുള്ളതാണ്. ജോലി പുനഃസ്ഥാപിച്ച് നല്കുന്ന വിഷയത്തിൽ നിശ്ചിത കാലത്തേക്ക് മാത്രമുള്ള കോൺട്രാക്ട് വ്യവസ്ഥയിലുള്ള നിയമനമായതിനാൽ കാലാവധിക്കു ശേഷം ജോലി നിലനിൽക്കുന്നതല്ലെന്നും എസ്.ഇ.യു.എഫ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ പരാമർശം (1)-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഹിയറിംഗിൽ ലഭ്യമായ വിവരങ്ങൾ, ഇത് സംബന്ധിച്ച് ലഭിച്ച റിപ്പോർട്ടുകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ ജോലിചെയ്തിരുന്ന ശ്രീ. സി ടി ബെറ്റിയെ ജോലിയിൽ നിന്നും പിരിച്ചുവിട്ട സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ നടപടിയിൽ അപാകതയുള്ളതായിക്കാണുന്നില്ല. തൊഴിലുടമയിൽ നിന്നും ടിയാന് ലഭിക്കാനുള്ള 2023 ജനുവരി മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിലെ ശമ്പളക്കുടിശ്ശികയും , ഇ.പി.എഫ് ആനുകൂല്യം സംബന്ധിച്ച്, തുക ടിയാന് ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തൊഴിൽ ഉടമയ്ക്ക് നിർദേശം നൽകിക്കൊണ്ടും, നഷ്ടപരിഹാരവും, തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമുള്ള ആവശ്യങ്ങൾ നിരസിച്ചുകൊണ്ടും Ext. P8- അപേക്ഷ തീർപ്പാക്കുന്നു . അപ്രകാരം ബഹു. ഹൈക്കോടതിയുടെ WP(C) 21289/2024-നമ്പർ കേസിന്മേലുള്ള 14/06/2024-ലെ വിധിന്യായം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖക്കത്ത് മുഖേന)
2. ശ്രീ. സി. ടി. ബെറ്റി, S/o. സി.ജെ. തോമസ്,ചിറക്കൽ വീട്, അഗളി പി.ഒ, അട്ടപ്പാടി, പാലക്കാട് ജില്ല.
3. എക്സിക്യൂട്ടീവ് ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF), JAKRA 43, വി.ജെ ലെയ്ൻ, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ തിരുവനന്തപുരം 695010.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. ഡയറക്ടർ, ഐ & പി.ആർ.ഡി, (വെബ് ആന്റ് ന്യൂ മീഡിയ), തിരുവനന്തപുരം
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 12-11-2024 14:53:15

സെക്ഷൻ ഓഫീസർ.